പദ്ധതികളാണ്. ബഹുജന പങ്കാളിത്തത്തോടെ മഴവെള്ള സംഭരണ പദ്ധതികൾ ആവിഷ്ക്കരിക്കാനും വ്യാപിപ്പിക്കാനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ജലവിഭവ വകുപ്പ് ഇതിനായി 335 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ആക്ഷൻ പ്ലാനിന് രൂപം നൽകി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മഴവെള്ള സംഭരണ പദ്ധതി പ്രവർത്തനങ്ങൾക്കായി റവന്യൂ വകുപ്പ് ലാന്റ് യൂസ് കമ്മീഷണർക്ക് 20 ലക്ഷം രൂപ അനുവദിക്കുകയും എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്താൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പ് വരൾച്ച നേരിടുന്നതിനായി ദീർഘകാല ഉപയോഗത്തിനുതകുന്ന കുഴൽക്കിണർ നിർമ്മാണ പദ്ധതികളും ഭൂഗർഭജല പരിരക്ഷയ്ക്കും ആർട്ടിഫിഷ്യൽ റീച്ചാർജ്ജിംഗിനും വേണ്ടിയുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റി ഈ ലക്ഷ്യം വച്ച് മഴവെള്ള സംഭരണ പദ്ധതികളും തടയണ നിർമ്മാണ പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്താൻ പദ്ധതി

178 [1855] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടി വരൾച്ച ദുരിതാശ്വാസ ഫണ്ട് ഉപയോഗപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് ഈ വർഷം ഏറ്റെടുത്തിട്ടുള്ളത്; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ—സി) വരൾച്ചാ ദുരിതാശ്വാസ ഫണ്ടുപയോഗപ്പെടുത്തി 33 പ്രവൃത്തികളാണ് ഈ വർഷം ഏറ്റെടുത്തിട്ടുള്ളത്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[13-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 178 (1855) ദയവായി കാണുക]

	പ്രവൃത്തികളുടെ വിവരം	എസ്റ്റിമേറ്റ് തുക		റിമാർക്സ്
1.	കുണ്ടുപറമ്പ് ബ്രിഡ്ജ് കനാൽ ഭാഗത്തു കൂടി പൈപ്പിടൽ—400 മീറ്റർ 75 എം.എം. പി.വി.സി.	75,000	രൂപ	പൂർത്തിയായിട്ടുണ്ട്.
2.	അത്താണിക്കൽ, പാറമ്മൽ റോഡ്, കോയങ്കോ വരെ നിലവിലുള്ള കേടുവന്ന പൈപ്പ് മാറ്റി സ്ഥാപിക്കൽ—400 മീറ്റർ- 50 എം. എം. പി.വി.സി. പൈപ്പ്	50,000	രൂപ	പൂർത്തിയായിട്ടില്ല.
3.	പുതിയകടവ് ഫുട്പാത്തിലെ കേടുവന്ന പൈപ്പ് മാറ്റി സ്ഥാപിക്കൽ— 90 എം. എം. പി.വി.സി.	60,000	രൂപ	പൂർത്തിയായിട്ടില്ല.
4.	ശുദ്ധജലവിതരണം മെച്ചപ്പെടുത്തൽ—വെള്ളം കിട്ടാത്ത ഭാഗത്തേക്ക് വെള്ളം എത്തിക്കുന്നതിന് ഇന്റർ കണക്ഷൻ ജോലികൾ— മലാപ്പറമ്പ് സോൺ	25,000	രൂപ	പൂർത്തിയായിട്ടില്ല.
5.	700 എം. എം. പ്രിമോ പൈപ്പിന്റെ ജോയിന്റ് ലീക്ക് റിപ്പയർ—10 ലീക്ക് ഫോറിക്കൽ റോഡ് മലാപ്പറമ്പ്	1,50,000	രൂപ	പൂർത്തിയായിട്ടില്ല.
6.	500 എം. എം. പ്രിമോ പൈപ്പ് ജോയിന്റ് ലീക്ക് റിപ്പയർ— 3 എണ്ണം എരഞ്ഞിപ്പാലം	30,000	രൂപ	പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII—(തുടർച്ച)

	പ്രവൃത്തികളുടെ വിവരം	എസ്റ്റിമേറ്റ് തുക		റിമാർക്സ്
7.	മുന്നാലിങ്ങലിൽ നിന്ന് ജോസഫ് റോഡ് തേർവീട് റോഡിലേക്ക് 1000 മീറ്റർ പൈപ്പ് മാറ്റി സ്ഥാപിക്കൽ	2,50,000	രൂപ	പൂർത്തിയായിട്ടുണ്ട്.
8.	ശങ്കുണ്ണി റോഡിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ— 500 മീറ്റർ 90 എം. എം. പി.വി.സി.	75,000	രൂപ	പൂർത്തിയായിട്ടില്ല.
9.	ചുള്ളിയോട് റോഡിൽ ചേമ്പ്രാ ബ്രിഡ്ജ് മുതൽ പൈപ്പ് ലൈൻ നീട്ടൽ	95,000	രൂപ	പൂർത്തിയായിട്ടില്ല.
10.	സെൻഗുപ്ത ലൈബ്രറി റോഡ് 90 എം. എം. പി.വി.സി. പൈപ്പ് കൂട്ടി യോജിപ്പിക്കുന്ന പ്രവൃത്തി	40,000	രൂപ	പൂർത്തിയായിട്ടുണ്ട്.
11.	നെല്ലിക്കോട് പുൾ മുതൽ മേത്തോട്ട് താഴം ജംഗ്ഷൻ വരെ 150 എം. എം. എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കൽ—160 എം. എം. പി.വി.സി. പൈപ്പിടൽ	7,00,000	രൂപ	പൂർത്തിയായിട്ടില്ല.
12.	75 എം. എം. പി.വി.സി. പൈപ്പ് നീട്ടി സ്ഥാപിക്കൽ—കൈതപ്പാടം, അരീക്കൽ, മീത്തൽ, മൈലംപാടി, നാരങ്ങാളി മീത്തൽ റോഡ് 400 മീറ്റർ	1,00,000	രൂപ	പൂർത്തിയായിട്ടില്ല.
13.	140 എം. എം. പി.വി.സി.-യും 125 എം.എം. ജി.ഐ. പൈപ്പും നീട്ടി സ്ഥാപിക്കൽ—800 മീറ്റർ പണിക്കർ റോഡിൽ ഇംഗ്ലീഷ് പള്ളിക്കു സമീപം	4,75,000	രൂപ	പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII—(തുടർച്ച)

	പ്രവൃത്തികളുടെ വിവരം	എസ്റ്റിമേറ്റ് തുക	റിമാർക്സ്
14.	ക്രിസ്ത്യൻ കോളേജ് മുതൽ ഗാന്ധി റോഡ് വരെ 1200 മീറ്റർ 140 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കൽ	4,00,000 രൂപ	പൂർത്തിയായിട്ടുണ്ട്.
15.	വിരുത്തിശ്ശേരികുറിച്ചിവയൽ, കുന്നുമ്മൽ ഏരിയായിൽ 1600 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ	3,00,000 രൂപ	പൂർത്തിയായിട്ടുണ്ട്.
16.	പാലത്ത്കണ്ടി റോഡ് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം റോഡ്—90 എം.എം. പി.വി.സി.— 500 മീറ്റർ പൈപ്പ് സ്ഥാപിക്കൽ	1,25,000 രൂപ	പൂർത്തിയായിട്ടുണ്ട്.
17.	ശാന്തി നഗർ കോളനിയിൽ (ബീച്ച്) 500 മീറ്റർ പൈപ്പ് സ്ഥാപിക്കൽ	50,000 രൂപ	പൂർത്തിയായിട്ടില്ല.
18.	നടക്കാവ് ഒ. സി. കോളനിയിൽ 150 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ	25,000 രൂപ	പൂർത്തിയായിട്ടുണ്ട്.
19.	അയ്യപ്പൻകാവ്, എടച്ചേരി, താഴം 300 മീറ്റർ പൈപ്പ് ഇടൽ	60,000 രൂപ	പൂർത്തിയായിട്ടില്ല.
20.	തെരുവർ, പള്ളിക്കണ്ടി, മുഖവൻകണ്ടി പരിസരങ്ങളിൽ 250 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ	40,000 രൂപ	പൂർത്തിയായിട്ടില്ല.
21.	പാലക്കട കോളനി വയൽ-മുണ്ടോത്ത് വയൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ—250 മീറ്റർ	50,000 രൂപ	പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII—(തുടർച്ച)

	പ്രവൃത്തികളുടെ വിവരം	എസ്റ്റിമേറ്റ് തുക		റിമാർക്സ്
22.	പാറമ്മഞ്ഞകുളങ്ങരപ്പാറ, പുതുക്കുടി താഴം—1500 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കൽ	3,00,000	രൂപ	പൂർത്തിയായിട്ടില്ല.
23.	അത്താണിക്കൽ പരിസരത്ത് 250 മീറ്റർ പൈപ്പ് സ്ഥാപിക്കൽ	60,000	രൂപ	പൂർത്തിയായിട്ടില്ല.
24.	കാമ്പുറം ഏരിയയിൽ (ബീച്ച്) 200 മീറ്റർ നീളത്തിൽ 75 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കൽ	25,000	രൂപ	പൂർത്തിയായിട്ടില്ല.
25.	അണ്ടി കമ്പനിക്ക് പിൻവശം 50 എം.എം. ജി.ഐ. പൈപ്പ് സ്ഥാപിക്കൽ—200 മീറ്റർ	60,000	രൂപ	പൂർത്തിയായിട്ടില്ല.
26.	കരുണാകര നേഴ്സിംഗ് ഹോമിന്റെ പുറകുവശം 90 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കൽ-200 മീറ്റർ	30,000	രൂപ	പൂർത്തിയായിട്ടില്ല.
27.	ബറാക്സ് ഏരിയയിൽ 500 മീറ്റർ 75 എം. എം. പി. വി. സി. സ്ഥാപിക്കൽ	80,000	രൂപ	പൂർത്തിയായിട്ടില്ല.
28.	എ.ആർ. ക്യാമ്പസിന്റെ പരിസരത്ത് 75 എം.എം. പി.വി.സി. പൈപ്പ് ഇടൽ—800 മീറ്റർ	1,00,000	രൂപ	പൂർത്തിയായിട്ടില്ല.
29.	ഇംഗ്ലീഷ് പള്ളിക്ക് പിന്നിൽ മത്സ്യ മാർക്കറ്റ്—75 എം.എം. പി.വി.സി. 200 മീറ്റർ പൈപ്പ് സ്ഥാപിക്കൽ	50,000	രൂപ	പൂർത്തിയായിട്ടില്ല.
30.	ചുള്ളിയോട് റോഡിൽ പഴയ 90 എം.എം. പി.വി.സി. പൈപ്പ് മാറ്റി സ്ഥാപിക്കൽ—300 മീറ്റർ	1,70,000	രൂപ	പൂർത്തിയായിട്ടില്ല.
31.	കൊടിതാഴം-പാലാഴി റോഡിൽ 75 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കൽ	60,000	രൂപ	പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII—(തുടർച്ച)

	പ്രവൃത്തികളുടെ വിവരം	എസ്റ്റിമേറ്റ് തുക	റിമാർക്സ്
32.	മൈലമ്പാടി ഏരിയ ശുദ്ധജല വിതരണ വിപുലീകരണം— 140 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കൽ	1,00,000 രൂപ	പൂർത്തിയായിട്ടുണ്ട്.
33.	110 എം.എം. എച്ച്.ഡി.പി. പൈപ്പ് മാറ്റി 110 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കൽ വില്ലിക്കൽ-കോട്ടകുന്ന് റോഡ് കോവൂർ	3,60,000 രൂപ	പൂർത്തിയായിട്ടില്ല.

അനുബന്ധം XIII

[13-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നമ്പർ 187 (1945) ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പരിപാടികൾ:

പട്ടികജാതി വികസന വകുപ്പ്

(1) എസ്.എസ്.എൽ.സി., പ്ലസ്ടു, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ റാങ്ക് ജേതാക്കൾക്ക് അവാർഡ് ഏർപ്പെടുത്തി.

(2) അയ്യൻകാളി ജന്മദിനാഘോഷം വിപുലമായി നടത്തിവരുന്നു.

(3) വിവിധ ക്ഷേമ പദ്ധതികളും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ട് 'പടവുകൾ' എന്ന മാസിക പ്രസിദ്ധീകരിച്ചു തുടങ്ങി.

(4) ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഐക്യദാർഢ്യ സന്ദേശ യാത്രകൾ നടത്തിവരുന്നു.

(5) ക്ഷേത്ര പ്രവേശന വിളംബര സ്മാരക ദിനാഘോഷത്തോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ ഇതര വിഭാഗത്തിൽപ്പെട്ട ഓരോ സാമൂഹ്യ പ്രവർത്തകർക്കും, ഒരു സന്നദ്ധ സംഘടനയ്ക്കും ക്യാഷ് അവാർഡും, ഫലകവും ഏർപ്പെടുത്തി.

(6) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന മാദ്ധ്യമ പ്രവർത്തകന് ക്യാഷ് അവാർഡും, ഫലകവും അടങ്ങുന്ന ഡോ. അംബേദ്കർ മാദ്ധ്യമ അവാർഡ് ഏർപ്പെടുത്തി.

(7) കോഴിക്കോട്, കാസർകോഡ് ജില്ലകളിൽ ഓരോ മോഡൽ റെസിഡൻഷ്യൽ സ്കൂൾ വീതം ആരംഭിക്കുന്നതിന് അനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII—(തുടർച്ച)

(8) പ്രൊഫഷണൽ ഹൈടെക് കോഴ്സുകളിലേക്കും മറ്റും പ്രവേശനം ലഭിക്കുന്നതിനുള്ള പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോച്ചിംഗ് നൽകുന്ന പദ്ധതി (ഹൈടെക് കോഴ്സ്) നിലവിൽ വന്നു.

(9) ജേർണലിസം കോഴ്സിന് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചു.

(10) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 4, 7 ക്ലാസ്സുകളിൽ ഉയർന്ന മാർക്കു വാങ്ങിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് എല്ലാ പഠന സാമഗ്രികളും നൽകി പഠനം പ്രോൽസാഹിപ്പിക്കുന്ന പദ്ധതി തുടങ്ങി.

(11) പ്രത്യേക ഘടക പദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയനുസരിച്ച് തൊഴിൽരഹിതരായ പട്ടികജാതി യുവതീയുവാക്കൾക്ക് വിവിധ തൊഴിൽ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതി എന്നിവ നടപ്പാക്കി.

(12) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പാരാമെഡിക്കൽ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനായി ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിൽ പുതിയ പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനായി തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(13) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ വിവിധ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനായി ജി.ഒ. (ആർ‌റ്റി.) 1079/03/പജ.പവ.വിവ., തീയതി 30-12-2003 പ്രകാരം ഒരു കോടി രൂപ അനുവദിച്ചു.

(14) പട്ടികജാതി വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കാൻ ഉദ്ദേശിച്ചു കൊണ്ട് കോഴിക്കോട് ഐ.ഐ.എം.എൽ. സെന്റർ ഓഫ് എക്സലൻസ് ആരംഭിച്ചു.

(15) തൊഴിൽരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി 10 പേർ അടങ്ങുന്ന തൊഴിൽ ക്ലബ്ബുകൾ കുടുംബശ്രീയുമായി സഹകരിച്ച് ആരംഭിച്ചിട്ടുണ്ട്.

(16) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് നൽകിവന്നിരുന്ന ഭവന നിർമ്മാണ ധനസഹായം 35,000 രൂപയിൽനിന്നും ഉയർത്തി 70,000 രൂപയാക്കുകയും, പുതുക്കിയ പ്ലാൻ അനുസരിച്ച് കെട്ടിടം പണിയണമെന്ന വ്യവസ്ഥ നിലവിൽ വരികയും ചെയ്തു.

(17) തിരുവനന്തപുരത്ത് ഓഡിറ്റോറിയം, ലൈബ്രറി, ദളിത് മ്യൂസിയം, ആർട്ട് ഗ്യാലറി, സിവിൽ സർവ്വീസസ് പരിശീലന കേന്ദ്രം എന്നിവ ഉൾപ്പെടുന്ന ഡോ. അംബേദ്കർ ഭവൻ തുടങ്ങാൻ ഉത്തരവായി.

(18) പട്ടികജാതിക്കാരായ വ്യവസായ സംരംഭകർക്ക് കടമുറികൾ വാടകയ്ക്ക് കൊടുക്കുന്നതിനായി ഷോപ്പിംഗ് കോംപ്ലക്സുകൾ വിലയ്ക്കു വാങ്ങുന്നതിന് തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII—(തുടർച്ച)

(19) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേരള സർവ്വകലാശാല യുടെ നേതൃത്വത്തിൽ കോമ്പിറ്റൻസി ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുള്ള അനുമതി.

(20) പുറംരാജ്യങ്ങളിൽ പോയി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി 'മില്ലേനിയം ഗ്ലോബൽ സ്റ്റഡീസ്' ഉത്തരവായി.

(21) 'സൈബർ ശ്രീ'-യുടെ ആഭിമുഖ്യത്തിൽ സോഫ്റ്റ്വെയർ ഇൻഡസ്ട്രി ഇൻകുബേഷൻ സെന്റർ (പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി) തുടങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

(22) വിവിധ തരത്തിലുള്ള മാനവശേഷി വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കാനായി അപ്ലൈഡ് ടെക്നോളജി ഇൻ ട്രെയിനിംഗ് സെന്റർ (എ. റ്റി. ആന്റ് റ്റി. സി.) സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി യുമായി അനുബന്ധിച്ച് അനുവദിച്ച് ഉത്തരവായി.

(23) 'സി-ഡിറ്റ്'-ന്റെ സഹായത്തോടെ പട്ടികജാതി വികസന ഡയറക്ടറേറ്റിനെ യും, പതിനാല് ജില്ലാ പട്ടികജാതി വികസന ആഫീസിനെയും ബന്ധപ്പെടുത്തി ക്കൊണ്ട് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്റർ തുടങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചു.

(24) പത്തനംതിട്ട, എറണാകുളം ജില്ലകളിൽ റോഡുകളുടെയും മറ്റും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചു.

(25) ചതുപ്പു പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് വീടിന് ചുറ്റുമുള്ള ഭൂമി കല്ലുകെട്ടി മണ്ണിട്ട് നികത്തുന്നതിനുള്ള ധനസഹായം നൽകി.

പട്ടികവർഗ്ഗ വികസന വകുപ്പ്

(1) പട്ടികവർഗ്ഗ പ്രദേശങ്ങളിൽ കുടുംബശ്രീയുടെ വ്യാപനം.

(2) ഊരുകൂട്ട രൂപീകരണവും പരിശീലനവും.

(3) സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകുന്നതിനുള്ള അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി.

(4) പട്ടികവർഗ്ഗ മേഖലകളിലെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള ധാന്യ ബാങ്കുകൾ.

(5) ഭൂരഹിത ആദിവാസികളുടെ പുനരധിവാസ വികസന പരിപാടി (ആദിവാസി പുനരധിവാസ മിഷ്യൻ മുഖേന).

(6) പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു സന്നദ്ധ സംഘടനകൾക്ക് ധനസഹായം.

(7) പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII—(തുടർച്ച)

(8) സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ, ശുദ്ധജല വിതരണവും ശുചിത്വവും, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ പുരോഗതി എന്നിവക്കുള്ള പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി.

(9) പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസന പരിപാടി (100 ശതമാനം അധിക കേന്ദ്ര സഹായ പദ്ധതി).

(10) പട്ടികവർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

(11) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ കുടിവെള്ള പദ്ധതി (100 ശതമാനം അധിക കേന്ദ്ര സഹായ പദ്ധതി).

അനുബന്ധം XIV

[13-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 188 (1955) ദയവായി കാണുക]

ആദിവാസികൾക്ക് ഇനി നൽകാനായി നടപടി സ്വീകരിക്കുന്ന ഭൂമിയുടെ വിവരങ്ങൾ

ജില്ല	*സ്ഥലം*	*വിസ്തീർണ്ണം (ഏക്കർ)*
തിരുവനന്തപുരം	ചെറ്റച്ചൽ	28.47
ഇടുക്കി	ചിന്നക്കനാൽ	418.00
	കെ.ഡി.എച്ച്. വില്ലേജ്	148.20
വയനാട്	സുഗന്ധഗിരി	599.00
	പൂക്കോട്	695.00
കണ്ണൂർ	ആലക്കോട്	723.00
	ആറളം ഫാം	3779.00
മലപ്പുറം		46.38
	ആകെ	6437.05

മേൽപ്പറഞ്ഞ ഭൂമികൾക്ക് പുറമേ 7693.2257 ഹെക്ടർ വനഭൂമി കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി ആദിവാസികൾക്ക് പതിച്ച് നൽകുന്നതിലേക്കായി ചില ഉപാധികൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വനഭൂമിക്ക് സുപ്രീംകോടതിയുടെ ഒരു വിധിപ്രകാരം ഏകദേശം 600 കോടി രൂപ വില നൽകണമെന്ന നിബന്ധന നീക്കി കിട്ടുന്നതിലേക്കായി സുപ്രീംകോടതിയിലേക്ക് പ്രത്യേക ഹർജി നൽകിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly